**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3499** **12-03-2025 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമ ബോർഡിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷകക്ഷേമ ബോർഡിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | കേരള സർക്കാർ 2020 ഒക്ടോബർ മാസം കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തു. തൃശ്ശൂർ ആസ്ഥാനമായി ബോർഡിന്റെ ഹെഡ് ഓഫീസും, 3 മേഖല ഓഫീസുകളും പ്രവർത്തിച്ചു വരുന്നു. കേരള കർഷക ക്ഷേമനിധി ആക്ട് 2019 പ്രകാരവും, കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ പ്രകാരവുമാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്. 5 വർഷത്തിൽ കുറയാതെ അംശദായം അടച്ച് ക്ഷേമനിധിയിൽ അംഗമായവർക്കാണ് പദ്ധതിയിലെ ആനുകൂല്യങ്ങൾക്ക് അർഹത. പെൻഷനും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്ന കർഷക ക്ഷേമ നിധി പദ്ധതിയുടെ കരട് അംഗീകരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആയത് അംഗീകരിക്കുന്ന മുറയ്ക്ക് വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുന്നതാണ്. |

സെക്ഷൻ ഓഫീസർ